പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 681 — 8-3-2012 ൽ മറുപടിയ്ക്ക്

## പി.എച്ച്.സി.കൾ സി.എച്ച്.സി.കളായി ഉയർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ റ്റി. യു. കുരുവിള | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പി. എച്ച്. സി.കളെ സി. എച്ച്. സി. കളായി ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | പത്തനംതിട്ട ജില്ലയിലെ ചിറ്റാർ, ഒതറ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന പി. എച്ച്. സി.കളെ സി.എച്ച്. സി. കളായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു. മറ്റ് ജില്ലകളിലുള്ള പി. എച്ച്. സി.കളെ സി.എച്ച്. സി. കളായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസലുകൾ അതാത് ജില്ലാ മെഡിക്കൽ ആഫീസർമാരിൽനിന്നും ലഭിക്കുന്നമുറയ്ക്ക് ആവശ്യമുള്ള പക്ഷം നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്തെ ആശുപത്രികളിൽ നിലവിലുള്ള ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ ഒഴിവുള്ള അസിസ്റ്റന്റ് സർജന്മാരുടെ തസ്തികകളിൽ പി.എസ്.സി ലിസ്റ്റ് നിലവിലുണ്ട്. നിയമനം നടത്തുന്നതിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സിയിൽനിന്നും നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.<br><br>സിവിൽ സർജൻ, ചീഫ് കൺസൽട്ടന്റ്, സീനിയർ കൺസൽട്ടന്റ്, കൺസൽട്ടന്റ്, എന്നീ തസ്തികകളിലെ ഒഴിവുകൾ ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൽട്ടന്റ് തസ്തികകളിലെ ഒഴിവുകളിൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്റ്റാഫ് നേഴ്സ്, |

ഫാർമസിസ്റ്റ്, ജെ.പി.എച്ച്.എൻ ഗ്രേഡ്-2, ലാബ്ടെക്നീഷ്യൻ എന്നീ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട ചെയ്തിട്ടുണ്ട്. ഈ ഒഴിവുകൾ ആശുപത്രി വികസന സമിതി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖാന്തിരം നികത്തി ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കിയിട്ടുണ്ട്.

(സി) ഈ വർഷം ഹോമിയോപ്പതി വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഹോമിയോ ഡോക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക്,റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് പുതിയ ഹോമിയോ ആശുപത്രി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

(സി) ( സി)യും (ഡി)യും ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 15 ആർ.എം.ഒ. തസ്തിക അനുവദിച്ചു. ഒഴിവുകൾ യഥാസമയം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അടുത്ത വർഷത്തെ പദ്ധതിയിൽ പുതിയ ഹോമിയോപ്പതിആശുപത്രികൾ തുടങ്ങുന്നതിനുള്ള റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

B.V.Kumar

സെക്ഷൻ ഓഫീസർ